**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2950** | **28-02-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട് വ്യക്തമാക്കുമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 25/02/2023 വരെ 15,48,508 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | കുടിവെള്ള ചാർജിനത്തിൽ 2016 മാർച്ച് മാസത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം എത്രയാണ്; ഈ ഇനത്തിൽ 2023 ജനുവരി മാസത്തിൽ ലഭിച്ച വരുമാനം എത്രയാണ്; വ്യക്തമാക്കുമോ; | (ബി) | 2016 മാർച്ച് മാസത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം = 50.60 കോടി രൂപ.<br><br>2023 ജനുവരി മാസത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം = 65.78 കോടി രൂപ. |
| (സി) | നിലവിൽ നടപ്പിലാക്കിയ വാട്ടർ ചാർജ് വർദ്ധനവിലൂടെ ഈ ഇനത്തിൽ പ്രതിമാസം എത്ര അധികവരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ നടപ്പിലാക്കിയ വാട്ടർ ചാർജ്ജ് വർദ്ധനവിലൂടെ പ്രതിമാസം 33.47 കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ